# അരിക് ചേർക്കപ്പെട്ടവൻ

കുരുശ്രേഷ്ഠൻ ധൃതരാഷ്ട്രരുടെയും, ഗാന്ധാരിയുടെയും നൂറ്റൊന്നു മക്കളിൽ പതിനേഴാമൻ. മഹായുദ്ധത്തിന്റെ പതിനാലാംനാൾ, ഏക സഹോദരി ദുശ്ശളയുടെ മാംഗല്യസംരക്ഷണ ദൗത്യം നിർവഹിക്കുന്നതിനിടയിൽ ഭീമസേനനുമായുള്ള പോരാട്ടത്തിൽ വീരമൃത്യു വരിച്ച വികർണ്ണൻ. ഞാനൊരു ഭരണ തന്ത്രജ്ഞനോ ,യുദ്ധവീരനോ , ഒന്നുമല്ല. പക്ഷെ ഇതിഹാസ താളുകളിൽ മഹാമേരുക്കളുടെ ചാരത്ത് ഒരു കൊച്ചരുവിയായി ഞാനുമുണ്ടാകും. അത് പാണ്ഡവപത്നിയെ പണയദ്രവ്യമായി വലിച്ചിഴക്കപ്പെട്ടപ്പോൾ ധർമ്മ സംരക്ഷണത്തിനായുള്ള ഒരു ദുർബലന്റെ പോരാട്ടത്തിന്റെ സ്മരണയായിട്ടാകാം.

യാജ്ഞസേനിയെ ഞാൻ ആദ്യമായി കാണുന്നത് അവരുടെ സ്വയംവര ദിവസമാണ്. ഇന്നിതാ നീണ്ടു ചുരുണ്ട കേശ ഭാരത്തിൽ പിടിമുറുക്കിയിരിക്കുന്ന ദുശ്ശാസനന്റെ ബലിഷ്ഠമായ കരങ്ങളിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്നവളായിട്ടാണ് കാണേണ്ടി വന്നത്.

അവൾ ഉച്ചത്തിൽ അലറി വിളിച്ച് കൊണ്ട് പറയുന്നുണ്ടായിരുന്നു."ദുഷ്ടാ..എന്നെ വിടൂ. ഈ സ്ഥിതിയിൽ എന്നെ നിറഞ്ഞ സഭയിലേക്കു കൊണ്ട് പോകരുത് "അവൾ മെല്ലെ പറഞ്ഞു..... ഞാൻ രജസ്വലയാണ്..ഏക വസ്ത്രയുമാണ്.

അവൾ പറയുന്നത് കേൾക്കാനോ, കണ്ണുനീർ കാണാനോ ദുശ്ശാസനൻ കൂട്ടാക്കിയില്ല..അട്ടഹസിച്ചു കൊണ്ട് "ചൂതിൽ തോറ്റ പാണ്ഡവർക്കൊപ്പം നീയും ഞങ്ങൾക്ക് അടിമയാണ്...അടിമ...അടിമ.. മുടിയിലെ പിടുത്തം മുറുക്കിക്കൊണ്ടു " അടിമയോട് എങ്ങനെയും പെരുമാറാം ...ഹ..ഹ..ഹ..ഹ.."

അപമാനിതയായ പാഞ്ചാലി നിസ്സംഗരാക്കപ്പെട്ട സഭാവാസികളോട് ക്രോധപൂർവം ചോദിച്ചു. ഹേ.. സഭാവാസികളെ , കുലത്തിന്റെ അന്തസ്സുനശിപ്പിക്കുന്ന ഈ നീചന്റെ പ്രവർത്തി കണ്ടിട്ടും മിണ്ടാതിരിക്കുന്ന നിങ്ങൾ ധൃതരാഷ്ട്ര മഹാരാജാവിനെപ്പോലെ അന്ധരോ? ഭീഷ്മപിതാമഹന്റെയും, ഗുരു ദ്രോണരുടെയും , ആചാര്യ വിദുരരുടെയും തന്റേടവും നീതിബോധവും ധർമ്മവും ഇന്ന് എവിടെ? അതും ഈ കൗരവർക്ക് പണയപ്പെടുത്തിയോ? ......സഭ നിശബ്ദം ....... പുച്ഛം കലർന്ന കോപത്തോടെ കൃഷ്ണ തന്റെ പതികളെ നോക്കി എന്തൊക്കയൊ പറയുന്നുണ്ടായിരുന്നു.

അണ പൊട്ടിയ ക്രോധത്തോടെ അവൾ വീണ്ടും വിളിച്ച് പറഞ്ഞു ഹേ..സഭാവാസികളെ.... എന്റെ ചോദ്യത്തിന് ഉത്തരം നൽകിയാലും."കള്ള ചൂതിൽ ആദ്യം സഹോദരങ്ങളെയും,പിന്നീട് തന്നെത്തന്നെയും പണയപ്പെടുത്തിയ ധർമ്മജന് എന്നെ പണയം വെയ്ക്കാൻ അധികാരമുണ്ടോ? പറയൂ..

ആരും ഉത്തരം കൊടുത്തില്ല.. അവളുടെ ശബ്ദം കൂടുതൽ ഉച്ചത്തിൽ ആയി."സ്വന്തം ജീവിതം അന്യനു പണയപ്പെടുത്തിയ ഭർത്താവിന് അതിനു ശേഷം ഭാര്യയെ പണയപ്പെടുത്താൻ എന്തവകാശം? പറയൂ..പിതാമഹാ..അവളുടെ അലർച്ചയിൽ ഇരിപ്പിടങ്ങൾ കുലുങ്ങി... പറയൂ.. ദ്രൗപദി അടിമയോ?

അവളുടെ ചോദ്യങ്ങൾ നിണം ഇറ്റുന്ന പോർമുനകളായി സദസിന്റെ മൗനവാത്മീകത്തിൽ തട്ടി തെറിക്കുകയായിരുന്നു.... അവൾ വാവിട്ടു കരഞ്ഞു പോയി.

ദ്രൗപദിയുടെ ദൈന്യം, സഭയിൽ നിറഞ്ഞു നിന്ന കുളിർമ്മയിലും വിങ്ങിവിയർത്തുപ്പോയ പണ്ഡവരോടുള്ള സഹതാപം, സഭാഗൃഹത്തിലെ മൗനം. ഞാൻ ഇരിപ്പിടം വിട്ട് എണീറ്റു. എല്ലാ കണ്ണുകളും ദ്രൗപദിയിൽ നിന്നും എന്നിലേക്ക് നീണ്ടു.......പിതാമഹാ..ശ്രേഷ്ഠ ഗുരുക്കളെ,പ്രിയ സഹോദരന്മാരെ ,പരിണതപ്രജ്ഞരായ സഭാവാസികളെ.. ഹസ്തിനപുരത്തിന്റെ കുലവധു ചോദിച്ചത് നിങ്ങൾ കേട്ടില്ലെന്നുണ്ടോ?ഈ സമസ്യക്ക് ആരാണ് ഉത്തരം നൽകുക?ഭീഷ്മപിതാമഹനും, ധൃതരാഷ്ട്രമഹാരാജാവും, മഹാമതിയായ വിദുരരും , ആചാര്യന്മാരായ ഗുരു ദ്രോണരും, കൃപരും ഉത്തരം പറയണം...ദ്രൗപദി അടിമയോ?

ഞാൻ പറയുന്നു.. ചൂതിൽ സ്വയം തോറ്റ ഭർത്താവിന് ഭാര്യയെ പണയം വെയ്ക്കാൻ അവകാശമില്ല ..അതിനാൽ ദ്രൗപദി അടിമയല്ല..അവരെ ഉടൻ വിട്ടയക്കണം. കോപത്തോടെ കൈ തിരുമ്മിക്കൊണ്ട് ഞാൻ തുടർന്നു..രാജാക്കന്മാർ മദ്യപാനം,നായാട്ട്,ചൂതുകളി,വിഷയാസക്തി എന്നിവയിൽ നിന്നും മുക്തരായിരിക്കണം. ഇവിടെ ചൂതാട്ടക്കാരൻ വിളിച്ചപ്പോൾ തന്നെ യുധിഷ്ഠിരൻ ചൂതിൽ മുഴുകി എല്ലാം നഷ്ടപ്പെടുത്തി അവസാനം സ്വന്തം ഭാര്യയെ പോലും പണയം വച്ചു. ദ്രൗപദി ധർമ്മജന്റെ മാത്രം ഭാര്യയല്ല.അവളിൽ പാണ്ഡവർക്ക് തുല്യ അവകാശമാണ്. അതിനാൽ അവരെ പണയം വെയ്ക്കാൻ അദ്ദേഹത്തിന് അധികാരമില്ല.അതാണ് ധർമ്മമെങ്കിൽ പാഞ്ചാലി പണയപ്പെട്ടിട്ടില്ല.

എന്റെ വാക്കുകൾ സഭ അകെ ഏറ്റു വാങ്ങി. അതുവരെ നിശ്ശബ്ദരായിയിരുന്നവർ, എന്നെ അഭിനന്ദിച്ചാർത്തു.... ശകുനികർണ്ണദികളെ നിന്ദിക്കാനും അവർ മറന്നില്ല.

ദുശ്ശാസനൻ ഇതൊന്നും കേട്ടതായി ഭാവിച്ചതേയില്ല. അയാൾ പാഞ്ചാലിയെ വിവസ്ത്രയാക്കാനുള്ള ശ്രമം തുടർന്നു കൊണ്ടിരുന്നു. ഉറക്കെ അട്ടഹസിച്ചുകൊണ്ടു അയാൾ തന്റെ ശക്തമായ കരങ്ങൾ അവളുടെ അരയിൽ വരിഞ്ഞു മുറുക്കുമ്പോൾ എന്റെ ശരീരത്തിൽ വെറുപ്പിന്റെ ഒരു വിറയൽ പടർന്നു കയറി.

തന്നെക്കാൾ മൂത്തവനെന്ന പരിഗണന പോലും കൊടുക്കാതെ.." ദുശ്ശാസനാ...ഉച്ചത്തിൽ ഞാൻ അലറി..നിർത്തു നിന്റെ പരാക്രമം.

ഹേ..കുരുശ്രേഷ്ഠരെ ..ആയുസ്സും,യയാതിയും,കുരുവും തുടങ്ങി ശന്തനു വരെയുള്ള ശ്രേഷ്ഠരാൽ സമ്പന്നമായ ഈ കുലത്തിൽ ജനിച്ച നിങ്ങളെ ഓർത്ത് ഞാൻ ശിരസ്സ് കുനിക്കുന്നു.

ഭീഷ്മ പിതാമഹനേയും ,വിദുരരേയും നോക്കി ഞാൻ ഇത് പറഞ്ഞപ്പോൾ അവരുടെ മനസ് പിടയ്ക്കുന്നത് മുഖത്ത് കാണാമായിരുന്നു.

നിനക്ക് പാണ്ഡവരെ ഭയമാണ് വികർണ്ണാ.. ഞാൻ ഭയക്കുന്നില്ല.

അതിനു മറുപടി പറഞ്ഞത് ഭീമസേനനനാണ്... ഭയക്കണം ദുശ്ശാസനാ.. ഭയക്കണം .. എന്റെ ജ്യേഷ്ഠൻ യുധിഷ്ഠിരൻ ഒരു വാക്ക് പറഞ്ഞാൽ മതി.. ഭീമസേനാ ഒരു നിമിഷനേരത്തേയ്ക്ക് നീ അടിമയല്ലെന്ന്... അതിന്റെ പകുതി സമയം മാത്രം മതി നിന്നെ കൊല്ലാൻ...ഒരായുധവും വേണ്ട.. കൈകൊണ്ട്, വെറും കൈകൊണ്ട്..

ദുശ്ശാസനാ..ഭീമന്റെ ഗർജ്ജനം മഹാരാജാവിന്റെ സിംഹാസനം ഒന്ന് വിറച്ചു..

ഭീമന്റെ ക്രോധാഗ്നി ആളിപ്പടരാൻ തുടങ്ങി .അയാളിൽ നിന്നും ഒരാക്രമണം ഉണ്ടാകുമെന്നുപ്പോലും സദസ്യർ ഭയന്നു.

ഭീമസേനാ സ്വയം നിയന്ത്രിക്കു.. നിനക്ക് ഒരിക്കൽ ഇതിനുള്ള അവസരം കൈവരുന്നതാണ്. പിതാമഹന്റെ വാക്കുകൾ അമർഷം ഉള്ളിൽ ഒതുക്കിക്കൊണ്ട് അയാൾ അനുസരിച്ചു..

കാര്യങ്ങൾ കൈവിട്ടു പോകുമെന്നായപ്പോൾ മഹാരാജാവ് ഉണർന്നു. ഇതാ ഈ നിമിഷം മുതൽ ദ്രൗപദി സ്വതന്ത്രയായിരിക്കുന്നു........പാണ്ഡവരും.

സ്വന്തം ഇരിപ്പിടത്തിലേയ്ക്ക് നീങ്ങിയ ദുശ്ശാസനനെ ഇടം കൈകൊണ്ട് തടഞ്ഞു, തന്റെ അഴിച്ചിട്ട മുടി ഉയർത്തിക്കാണിച്ച് ദ്രൗപദി പറഞ്ഞു ."ദുശ്ശാസനാ..നിന്റെ സ്പർശം കൊണ്ട് അശുദ്ധമായ ഈ മുടി നിന്റെ രക്തം കൊണ്ട് ശുദ്ധീകരിച്ചിട്ടേ ദ്രുപദപുത്രി ഇനി കെട്ടി വയ്ക്കൂ .. ഇത് സത്യം ..സത്യം..സത്യം".

സഭയിൽ നിന്നും ഇറങ്ങിപ്പോകുമ്പോൾ ഭീമന്റെ ഭീഷണമായ ശപഥങ്ങൾ ഞാൻ കേട്ടു. ഹസ്തിന പുരത്തിന്റെ അസ്ഥിവാരങ്ങളിൽ ചെന്ന് പതിച്ച ഉഗ്ര ശപഥങ്ങൾ .

വീണ്ടും ഒരുവട്ടം കൂടി ചൂതിനു ക്ഷണിച്ചപ്പോൾ അരുതെന്ന് പറഞ്ഞവരുടെ മുന്നിൽ ഞാനും യുയുത്സുവും ഉണ്ടായിരുന്നു.

അഴിച്ചിട്ട മുടിയുമായി നീങ്ങുന്ന പാഞ്ചാലിയുടെ മുന്നിലായി മാൻതോലുടുത്ത് പാണ്ഡവരും. അവിടെ വനവാസവും അജ്ഞാതവാസവും ആരംഭിച്ചു... " മറ്റൊരു ചൂതും".

അജ്ഞാതവാസം അവസാനിക്കാൻ ദിവസങ്ങൾ ബാക്കി നിൽക്കെ വിരാട രാജ്യത്തെ സേനാപതി കീചകനെ ആരോ മുഷ്ടിയുദ്ധത്തിൽ കൊന്നു എന്ന വാർത്ത എന്നോട് പറഞ്ഞ ദുശ്ശാസനന്റെ കണ്ണുകളിലെ ഭയം ഞാൻ നേരിൽ കണ്ടു.

ഭീമസേനൻ സഭയിൽ ചെയ്ത ശപഥം ഒരു നിമിഷം അയാൾ ഓർത്തുപോയിട്ടുണ്ടാകാം.

"ദ്രൗപദി അവളുടെ മുടി പിന്നീട് ഒരിക്കലും കെട്ടി വച്ചിട്ടില്ല" ...ചാരന്മാർ പറഞ്ഞ അറിവാണ്...ഞാൻ പറഞ്ഞത് കേട്ടിട്ടുണ്ടാവുമോ എന്നറിയില്ല. അയാൾ കർണ്ണന്റെ കൊട്ടാരത്തിലേക്കു നടന്നു.

കൃഷ്ണന്റെ ദൂത് പരാജയപ്പെട്ടതോടെ മഹായുദ്ധം ആരംഭിച്ചു.

യുദ്ധത്തിന്റെ നാലാം നാൾ -- ഭീമനെ ഭയന്ന് ഓടിപ്പോകുന്ന സഹോദരങ്ങളെ ഞാൻ തടഞ്ഞു നിർത്തി .ഞങ്ങൾ പതിനാലു പേർ ചേർന്ന് ഭീമനെ നേരിട്ടു. എന്റെ ഏഴു സഹോദരങ്ങളെ കാലപുരിക്കയക്കാൻ ഒരു നല്ല യുദ്ധം പോലും വേണ്ടി വന്നില്ല അയാൾക്ക്.. ബാക്കിയുള്ളവർ ഭയന്ന് ഓടിപ്പോയി. അന്ന് ആദ്യമായി ഞങ്ങൾ മുഖാമുഖം നിന്നു. പക്ഷെ എനിക്കെതിരെ യുദ്ധം ചെയ്യാതെ അയാൾ ഒഴിഞ്ഞു മാറിപ്പോയി അത് എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി.

പിന്നീട് എത്രയോ തവണ ഞാൻ അയാളുടെ മുന്നിൽ പെട്ട് പോയിട്ടുണ്ട്.അപ്പോഴൊന്നും രൂക്ഷമായ ഒരു നോട്ടം പോലും എന്റെ നേരെ ഉണ്ടായിട്ടേയില്ല. സഹോദരങ്ങളെ ഒന്നൊന്നായി കൊന്നു വീഴ്ത്തുമ്പോഴും എനിക്കായി ഒരു കരുതൽ കാത്തു വച്ചിരുന്നു ഭീമസേനൻ.

നാളെ സൂര്യാസ്ഥമയത്തിനു മുൻപ് ജയദ്രഥനെ വധിക്കുമെന്നും അതിനു കഴിഞ്ഞില്ലെങ്കിൽ സ്വയം അഗ്നിപ്രവേശം ചെയ്യുമെന്ന് ഗാണ്ഡീവം ഉയർത്തിപ്പിടിച്ചുകൊണ്ടുള്ള പാർത്ഥന്റെ ശപഥവും,സംഭ്രാന്തനായ ജയദ്രഥൻ നിലവിളിച്ചുകൊണ്ട് ദ്രോണരുടെ ചരണങ്ങളിൽ അഭയം പ്രാപിച്ചതും കണ്ടുകൊണ്ട് പതിമൂന്നാം നാളിലെ സൂര്യൻ അസ്തമിച്ചു.

യുദ്ധത്തിന്റെ പതിനാലാം ദിനം. ഒരു പക്ഷെ, ഇത് എന്റെ അവസാന യുദ്ധമാകാം സഹോദരി ദുശ്ശളയുടെ മാംഗല്യ സംരക്ഷണ ചുമതല ഏറ്റെടുത്തുകൊണ്ട് അതിവിശാല സൈന്യത്തിന്റെ മുന്നിലായി ഞാൻ നിലയുറപ്പിച്ചു. പരാക്രമ ശാലിയായ അർജ്ജുനന്റെ ബാണങ്ങളും , ഭീമന്റെ ഗദയും കൗരവപ്പടയെ അക്ഷരാർത്ഥത്തിൽ തുടച്ചു നീക്കുകയാണ്. ഭീമനുമായുള്ള യുദ്ധത്തിൽ തളർന്നു പോയ കർണ്ണന്റെ രക്ഷക്കായി എത്തിയ എന്റെ സഹോദരരെ നിമിഷ നേരം കൊണ്ട് ഭീമൻ നിശ്ശബ്ദരാക്കി. അപ്പോഴും അയാൾ എന്നെ വെറുതെ വിട്ടു. എനിക്കെതിരെ ഉയർത്തിയ ഗദ നിലത്തിട്ടു കൊണ്ട് ഭീമൻ പറഞ്ഞു. പ്രിയ സഹോദരാ നിന്നെ കൊല്ലാൻ എനിക്ക് മനസ് വരുന്നില്ല. എന്റെ കൺവെട്ടത്ത് വരാതെ എങ്ങോട്ടെങ്കിലും ഓടിപ്പോകു .

അന്ന് കൗരവ സഭയിൽ ദ്രൗപദിക്കായി ഉയർത്തിയ ശബ്ദത്തിന്റെ നന്ദി സ്മരണകളാകാം ആ മനസ് നിറയെ. അയാൾക്ക് ഒരിക്കലും എന്നെ കൊല്ലാൻ കഴിയില്ല.

അവസാനം ഭീമന്റെ രക്ഷയ്ക്ക് ഞാൻ തന്നെ എത്തി.. അല്ലയോ പാണ്ഡവ ശ്രേഷ്ഠാ. അന്ന് കുരു സഭയിൽ ദ്രൗപദിയ്ക്കായി പോരാടിയത് എന്റെ ധർമ്മം. ഇപ്പോൾ എന്റെ രാജ്യത്തിനു വേണ്ടി യുദ്ധം ചെയ്യുന്നതും ധർമ്മം. ഞാൻ ജനിച്ച് ജീവിച്ചത് അതിനായിട്ടാകാം. ഇന്ന് അങ്ങയോട് ഏറ്റുമുട്ടി വീരമൃത്യു വരിച്ചാൽ അത് എന്റെ സഹോദരിക്കുവേണ്ടിയും അതോടെ വികർണ്ണൻ പൂർണ്ണനാക്കും. ക്ഷത്രിയ ധർമ്മമനുസരിച്ച് യുദ്ധം ചെയ്ത് എന്നെ കൊന്നു കൊള്ളുക. എന്നോട് യുദ്ധം ചെയ്യാതെ എന്നെ വീഴ്ത്താതെ അങ്ങേക്ക് ഇവിടം വിട്ട് പോകാനാകില്ല, ഞാൻ അനുവദിക്കില്ല.

ദീർഘ മൗനത്തിനു ശേഷം ......

ക്ഷമിയ്ക്കണം വികർണ്ണാ..ക്ഷമിക്കണം...നൂറു മക്കളെയും കൊന്നൊടുക്കുമ്പോൾ കുറച്ച് മാത്രം തെറ്റുകൾ ചെയ്ത ഒരുവനെയെങ്കിലും അന്ധരായ മാതാപിതാക്കൾക്ക് തുണയായി ബാക്കി വെയ്ക്കാമായിരുന്നില്ലേ എന്ന് കാലം എന്നോട് ചോദിച്ചാൽ .....

കൂടുതൽ എന്തെങ്കിലും പറയാൻ അവസരം കൊടുക്കാതെ താഴെ വീണ ഗദ എടുത്ത് ഭീമസേനനെ ഏല്പിച്ചുകൊണ്ട് യുദ്ധഭൂമിയാകെ കേൾക്കുമാറുച്ചത്തിൽ ഞാൻ വിളിച്ചു പറഞ്ഞു .

"ഞാൻ ഇതാ.. കുന്തീ പുത്രൻ ഗദാധാരി ഭീമസേനനെ യുദ്ധത്തിനായി വെല്ലുവിളിക്കുന്നു." എന്റെ സർവ ശക്തിയും കൈകളിൽ ആവാഹിച്ചുകൊണ്ട് ഭീമസേനനെ ആഞ്ഞടിച്ചു.

വായുപുത്രൻ ശരവേഗത്തിൽ ഗദ നിലത്തൂന്നി തന്റെ ശരീരം മുന്നോട്ട് വളച്ച് നിന്നു. ഇടതു വശത്തെ ഇടുങ്ങിയ കഴുത്തെന്ന എന്റെ ലക്ഷ്യം പിഴച്ചു. ഇടറി വീഴാൻ ഭാവിച്ച എന്നെ ഒരു കൈകൊണ്ട് താങ്ങി നിർത്തി അത്യന്തം ദുഃഖത്തോടെ, നിറകണ്ണുകളോടെ "സഹോദരാ വികർണ്ണാ....നീ എന്നും പാണ്ഡവരുടെ ഹിതകാംക്ഷിയാണ്. നിന്നോട് ഈ മഹാപരാധം ചെയ്യേണ്ടി വന്നതിൽ പൊറുക്കണം .യുദ്ധം, അത് ക്രൂരമായ ധർമ്മമാണ്.

ആദ്യ പ്രഹരത്തിൽ തന്നെ ഞാൻ വീണു. വീണ്ടും ഗദ ഉയർത്തിയപ്പോൾ അരുതെന്നു ഞാൻ കൈ ഉയർത്തിക്കാണിച്ചു. ഗദ വലിച്ചെറിഞ്ഞു ഭീമൻ എന്റെ അടുത്തുവന്ന് ചതഞ്ഞു പോയ എന്നെ താങ്ങി ഇരുത്തി.

പറയൂ പ്രിയ സഹോദരാ .. ഞാൻ എന്താണ് നിനക്ക് വേണ്ടി ചെയ്യേണ്ടത്? പറഞ്ഞാലും.

ഇന്ന് അസ്തമയം വരെ എനിക്ക് ജീവിക്കണം. ശേഷിക്കുന്ന യുദ്ധവും കാണണം. വിറയാർന്ന ശബ്ദത്തിൽ ഞാൻ പറഞ്ഞു.

ഭീമൻ എന്നെ പൊക്കിയെടുത്ത് നനവില്ലാത്ത ഉയർന്ന സ്ഥലത്തു കൊണ്ടുപോയി തകർന്ന ഒരു രഥചക്രത്തിലേയ്ക്ക് ചാരിയിരുത്തി .. എന്നെ നോക്കാൻ കഴിയാതെ യാത്ര പറഞ്ഞു പിരിയുന്ന നേരം ഞാൻ ഭീമന്റെ കൈയിൽ കടന്നു പിടിച്ചു എന്റെ കണ്ണ് നിറഞ്ഞു.... എനിക്ക് ദുഖമില്ല. എനിക്കായി ഇതുകൂടി ചെയ്യണം. കഴിയുമെങ്കിൽ ഞാൻ ഇവിടെ ഉണ്ടെന്നു യുയുത്സുവിനോട് പറയണം. ദുശ്ശളയെ എന്നെങ്കിലും കണ്ടാൽ അവളോടും പറയണം എന്റെ കഴിവനുസരിച്ച് ചെയ്തെന്ന്. ആ മഹാബലവാന്റെ കണ്ണുനീർ എന്റെ മുഖത്ത് വീണത് ഞാൻ അറിഞ്ഞു.............................അയാൾ യുദ്ധരംഗത്തേക്ക് പാഞ്ഞു.......................

ഞാൻ ഓർത്തു. യുയുത്സു.... മഹായുദ്ധം ആരംഭിക്കുന്നതിനു തൊട്ട് മുൻപ് കൗരവപക്ഷം, അല്ല എന്നെ ഉപേക്ഷിച്ച് പാണ്ഡവപക്ഷത്തേക്ക് പോയ പ്രിയ സുഹൃത്ത്.... അയാൾ തീർച്ചയായും വരും. എന്റെ പിതാവിന്റെ രക്തമാണ്. അന്ധരായ മാതാപിതാകൾക്ക് അയാൾ ഊന്നുവടിയായി ഉണ്ടാകും.

വേദന കടിച്ചമർത്തി കൈകൾ നിലത്തൂന്നി ഞാൻ ഒന്ന് നിവർന്നിരുന്നു. ഇപ്പോൾ യുദ്ധരംഗം എനിക്ക് കാണാം.

ജ്വലിച്ചു നിന്ന സൂര്യൻ പെട്ടെന്ന് അസ്തമിച്ച പോലെ!! ചുറ്റുപാടും അന്ധകാരം പരന്നു. പക്ഷികൾ ചിലച്ചു കൊണ്ട് കൂടുകൾ തേടി. കുരുക്ഷേത്ര ഭൂമിയിൽ ആയിരക്കണക്കിന് പന്തങ്ങൾ തെളിഞ്ഞു. അർജ്ജുനന്റെ അഗ്നിപ്രവേശം പ്രതീക്ഷിച്ച് കൗരവ പക്ഷത്ത് ഉള്ളവരെല്ലാം ആഹ്ലാദിച്ചു.....ഞാനും.

അവിടെ അർജ്ജുനനായി ചിത ഒരുക്കിക്കഴിഞ്ഞു. അപമാനഭാരത്താൽ ശിരസ് കുനിച്ച് ആളിക്കത്തുന്ന ചിതയ്ക്കരികിലേയ്ക്ക് നീങ്ങുന്ന പാർത്ഥനെ എനിക്ക് ശരിക്കും കാണാം. അപ്പോഴും അയാൾ ഗാണ്ഡീവം ഉപേക്ഷിച്ചിരുന്നില്ല.

അതാ.. ഏവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് കുരുക്ഷേത്ര ഭൂമിയാകെ പ്രകാശം പരത്തി സൂര്യൻ പശ്ചിമ ചക്രവാളത്തിൽ ചിരിച്ചു നിൽക്കുന്നു. അർജ്ജുനന്റെ അഗ്നിപ്രവേശം കണ്ട് പരലോകം പുൽകാൻ ആഗ്രഹിച്ച എനിക്ക്, അയാൾക്കായി ഒരുക്കിയ ചിതയിൽ എന്റെ പ്രിയ സ്യാലന്റെ ശവദാഹവും കാണേണ്ടി വന്നു.

മഹാ സൈന്യവും നേതൃസ്ഥനത്ത് ഗുരുദ്രോണരും കർണൻ തുടങ്ങി ആറു മഹാരഥന്മാരും ഒക്കെ ഉണ്ടായിരുന്നിട്ടും .................പ്രിയ സഹോദരി മാപ്പ്.

കവച കുണ്ഡലങ്ങൾ ദാനം ചെയ്ത് യുദ്ധത്തിന് മുൻപേ നിരായുധനായിക്കഴിഞ്ഞിരുന്ന കർണ്ണൻ, അർജ്ജുനനായി കരുതി വച്ചിരുന്ന "വൈജയജന്തി "ഘടോത്കചന് നേരെ തൊടുത്ത് വിട്ട് സ്വയം ശൂന്യനായി. ഒഴിഞ്ഞ ആവനാഴിയുമായി കർണ്ണനെന്ന സേനാനായകൻ .. ഇനി എന്ത് യുദ്ധം?

മനസിനെ ശാന്തമാക്കിക്കൊണ്ട്.....പ്രിയ സഹോദരാ ഭീമസേനാ...അങ്ങേക്ക് ഈ അരിക് ചേർക്കപ്പെട്ടവന്റെ വിജയാശംസകൾ.. പൊടിപടലങ്ങൾക്കിടയിലൂടെ യുദ്ധഭൂമിയിൽ കത്തിച്ചുവച്ച പന്തങ്ങളുടെ മങ്ങിയ വെളിച്ചം. ഹോ. എന്തൊരു വിജനത..ദൂരെ ഏതോ ഒരു കാട്ടുകോഴി സൂര്യോദയം വിളിച്ചറിയിച്ചു..ഓർമ്മകൾ മങ്ങിത്തുടങ്ങി..മരണത്തിന്റെ കാലടി ശബ്ദം ഞാൻ കേൾക്കുന്നുണ്ടായിരുന്നു.. താഴെ ഇരുൾ മൂടിയ ചരൽ പാതയിലൂടെ ആരോ നടന്നു വരുന്നു...യുയുത്സുവോ ??